മലയാള മനോരമ
19 March 2024

# കടൽമത്സ്യങ്ങളുടെ ഡേറ്റബേസ്: മൊബൈൽ ആപ്പുമായി സിഎംഎഫ്ആർഐ

കൊച്ചി● സമുദ്രമത്സ്യ ഗവേഷണത്തിൽ പൊതുജനങ്ങളുടെ സഹകരണം ഉറപ്പാക്കാൻ സിഎംഎഫ്ആർഐ മൊബൈൽ ആപ്പ് പുറത്തിറക്കി. ഇന്ത്യൻ തീരങ്ങളിൽ കാണുന്ന കടൽമത്സ്യ ഇനങ്ങളുടെ ഡേറ്റബേസ് പൊതുജനപങ്കാളിത്തത്തിൽ വികസിപ്പിക്കാൻ വേണ്ടിയാണ് 'മാർലിൻ@സിഎംഎഫ്ആർഐ' എന്ന പേരിൽ ആപ് പുറത്തിറക്കിയത്.

ഇന്ത്യൻ തീരങ്ങളിൽ പിടിക്കപ്പെടുന്ന മീനുകളുടെ ചിത്രങ്ങളും വിവരങ്ങളും ആപ്പിൽ അപ്‌ലോഡ് ചെയ്യാം. ഭാവിയിൽ മൊബൈലിൽ മീനിന്റെ ദൃശ്യം അപ്‌ലോഡ് ചെയ്യുമ്പോൾ തന്നെ അതിന്റെ പൂർണ വിവരങ്ങൾ ലഭ്യമാകുന്ന സംവിധാനം എഐ സഹായത്തോടെ വികസിപ്പിക്കാനാകും. ജിയോടാഗിങ് ഉള്ളതിനാൽ മത്സ്യ ഇനങ്ങളുടെ കൃത്യമായ സ്ഥലവും രേഖപ്പെടുത്താനാകുന്നതുമത്സ്യലഭ്യതയുമായി ബന്ധപ്പെട്ട പഠനങ്ങളെ സഹായിക്കും.

സിഎംഎഫ്ആർഐയുടെ ഫിഷറി റിസോഴ്സ് അസസ്മെന്റ്, ഇക്കണോമിക്സ് ആൻഡ് എക്സ്റ്റൻഷൻ വിഭാഗത്തിലെ ഡോ. എൽദോ വർഗീസിന്റെ നേതൃത്വത്തിലുള്ള പ്രോജക്ടിന്റെ ഭാഗമായാണ് ആപ്പ് വികസിപ്പിച്ചത്. ലാൻഡിങ് സെന്ററുകളിൽ നിന്നുള്ള മീനുകളുടെ ദൃശ്യങ്ങൾ ഉപയോഗിച്ച് തയാറാക്കുന്ന ഡേറ്റബേസ്, ഓരോ ഹാർബറിലെയും മത്സ്യ ലഭ്യത ഓട്ടമാറ്റിക് സംവിധാനത്തിലൂടെ മനസ്സിലാക്കാൻ ഭാവിയിൽ സഹായകരമാകുമെന്ന് അദ്ദേഹം പറഞ്ഞു.

ഈ മൊബൈൽ ആപ്പ് കടൽമത്സ്യസമ്പത്ത് സംരക്ഷിക്കാനും സമുദ്ര ജൈവ വൈവിധ്യത്തെ മനസ്സിലാക്കാനും പൊതുജനങ്ങൾക്ക് ഉപകാരപ്പെടുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.